No. GHKSD/12/2026

ഗസ്റ്റ് ഹൗസ്,
വിനോദസഞ്ചാര വകുപ്പ്,
കാസറഗോഡ്,
തീയതി: 04/11/2026

ടെൻഡർ നോട്ടീസ്

വിനോദ സഞ്ചാര വകുപ്പിന് കീഴിലുള്ള കാസറഗോഡ് ഗവ.ഗസ്റ്റ് ഹൗസിൽ പുതിയ പൂന്തോട്ടം വച്ചുപിടിപ്പിക്കുന്നതിനും അടുത്ത ഒരു വർഷത്തെ പരിപാലനത്തിനുമായി പരിചയസമ്പന്നരായ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്രവെച്ച ടെൻഡറുകൾ ക്ഷണിക്കുന്നു.

ഒരു അപേക്ഷകൻ ഒന്നിൽ കൂടുതൽ ക്വട്ടേഷനുകൾ സമർപ്പിക്കുവാൻ പാടുള്ളതല്ല ക്വട്ടേഷനിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യമായി ഡയറക്ടർ, വിനോദസഞ്ചാരവകുപ്പു, തിരുവനന്തപുരം എന്ന പേരിൽ തിരുവനന്തപുരത്തു നിന്നും മാറാവുന്ന 5000 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് എടുത്തു സമർപ്പിക്കേണ്ടതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിനോടൊപ്പം പൂർണമേൽവിലാസം, ഫോൺ നമ്പർ എന്നിവ സഹിതം സീൽ ചെയ്ത ക്വട്ടേഷനുകൾ 19/11/2026 ഉച്ചക്ക് 2 മണി വരെ കാസറഗോഡ് ഗവ. ഗസ്റ്റ് ഹൗസിൽ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. തുടർന്ന് അന്നേദിവസം 2.30 പിഎം നു സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലഭിച്ച ക്വട്ടേഷനുകൾ തുറക്കുന്നതും അതിനനുസരിച്ചു തുടർനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. കരാർ ലഭിക്കുന്നയാൾ ടൂറിസം വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടിയാനുമായിട്ടുള്ള കരാർ നോട്ടീസ് കൂടാതെ തന്നെ റദ്ദു ചെയ്യുന്നതായിരിക്കും വിശദവിവരങ്ങൾക്ക് കാസറഗോഡ് ഗവ. ഗസ്റ്റ് ഹൗസ് മാനേജരുടെ ഓഫീസിൽ നേരിട്ടോ ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

ടെൻഡർ ക്ഷണിക്കുന്ന അവസാന തീയതി : 19/11/2026
ടെൻഡർ അതേദിവസം 2.30 മണിക്ക് തുറക്കുന്നതാണ് .
വിശദവിവരങ്ങൾക്ക് 04994-230666 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

മാനേജർ
സർക്കാർ അതിഥിമന്ദിരം
കാസർകോട്

To

1. The Notice Board
2. Notice Board – Collectorate
3. Notice Board- District Office, Department of Tourism, Kasaragod
4. The District Information Officer, Information and Public Relations Department, Kasaragod.
5. The Research Officer, Dept. of Tourism (For publishing in Kerala Tourism Website)

വിനോദ സഞ്ചാര വകുപ്പ് കാസർകോട് സർക്കാർ അതിഥി മന്ദിരം